## (iii) ഇസ്ലാമിക ചരിത്രം ഉർദുവിൽ

ഉർദു ഭാഷയിൽ ഇസ്ലാമിക ചരിത്രശാഖ സാമാന്യം വികാസം നേടിയിട്ടുണ്ട്. അല്ലാമഃ ശിബ്‌ലി നുഅ്മാനിയും സയ്യിദ് സുലൈമാൻ നദ്‌വിയും ചേർന്നെഴുതിയ *സീറതുന്നബി* പ്രവാചക ചരിത്രത്തെക്കുറിച്ചെഴുതപ്പെട്ട ഏറ്റവും ആധികാരികവും പ്രാമാണികവുമായ രചനകളിലൊന്നാണ്. ഷാ മുഈനുദ്ദീൻ അഹ്മദ് നദ്‌വിയുടെ *താരീഖെ ഇസ്ലാം*, അക്ബർ ഷാ നജീബാബാദിയുടെ *താരീഖെ ഇസ്ലാം* (മൂന്ന് വാല്യം), ഥർവത് സ്വൗലതിന്റെ *മില്ലതെ ഇസ്ലാമിയ്യഃ കീ മുഖ്തസർ താരീഖ്* (നാല് വാല്യം) തുടങ്ങിയ കൃതികൾ ഇസ്ലാമിക ചരിത്രത്തെ സമഗ്രമായി ഉൾക്കൊള്ളുന്ന രചനകളാണ്. അഅ്ളംഗഢിലെ ദാറുൽ മുസ്വന്നിഫീൻ പ്രസിദ്ധീകരിച്ച *സിയറുസ്സ്വഹാബഃ* (എട്ടു വാല്യം) ഖിലാഫതുർറാശിദഃയെയും സ്വഹാബിമാരെയും കുറിച്ചുള്ള മികച്ച പഠനമാണ്. മൗലവി മുഹമ്മദ് ദകാഉല്ലാ ദഹ്ലവിയുടെ *താരീഖെ ഹിന്ദുസ്താൻ* (ഒമ്പത് വാല്യം, 1916–1919) ഇന്ത്യയിലെ മുസ്ലിം ഭരണകാലത്തെക്കുറിച്ച ആധികാരിക പഠനമാണ്. ഇന്ത്യയിലെ മുസ്ലിം ഭരണകാലത്തെക്കുറിച്ച് സവിശേഷ പഠനം നടത്തിയ സ്വബാഹുദ്ദീൻ അബ്ദുർറഹ്മാന്റെ ഒട്ടേറെ കൃതികൾ ഇസ്ലാമിക ചരിത്രത്തിന്റെ വിവിധ വശങ്ങളിലേക്ക് വെളിച്ചം വീശുന്നുണ്ട്. സയ്യിദ് അബുൽ അഅ്ലാ മൗദൂദിയും സയ്യിദ് അബുൽഹസൻ അലി നദ്‌വിയും ഇസ്ലാമിക ചരിത്ര രചനാരംഗത്തർപ്പിച്ച സേവനങ്ങളും വളരെ വിലപ്പെട്ടതാണ്. മൗലാനാ മൗദൂദിയുടെ പല കൃതികളും ഇസ്ലാമിക ചരിത്രത്തെക്കുറിച്ച ഉൾക്കനമുള്ള വിശകലനങ്ങൾ ഉൾക്കൊള്ളുന്നു. *സീറതെ സർവറെ ആലം*, *ഖിലാഫത് വ മുലൂകിയ്യത്*, *തജ്ദീദ് വ ഇഹ്‌യായെ ദീൻ*, *സലാജിഖഃ* തുടങ്ങിയ കൃതികൾ ഉദാഹരണം. ഇസ്ലാമിക ചരിത്രത്തെക്കുറിച്ച ഗ്രന്ഥകാരന്റെ ആദർശാധിഷ്ഠിതമായ കാഴ്ചപ്പാടും സമീപനവും മനസ്സിലാക്കാൻ ഏറെ പര്യാപ്തമാണവ. ടിപ്പുസുൽത്വാനെ കുറിച്ചെഴുതിയ ഒരു ലേഖനത്തിലും മൗലാനാ മൗദൂദി തന്റെ ചരിത്ര സമീപനം വ്യക്തമാക്കിയിട്ടുണ്ട്. *സീറതെ സർവറെ ആലം* പ്രവാചക ചരിത്രവും *ഖിലാഫത് വ മുലൂകിയ്യത്* ഇസ്ലാമിക ഖിലാഫത് രാജവാഴ്ചയിലേക്ക് വഴിമാറാനിടയായ സാഹചര്യങ്ങളെയും അവയുടെ പ്രത്യാഘാതങ്ങളെയും കുറിച്ച വസ്തുനിഷ്ഠമായ നിരൂപണ പഠനവുമാണ്. ഇസ്ലാമിലെ നവോത്ഥാന സംരംഭങ്ങളെക്കുറിച്ച അന്വേഷണമാണ് *തജ്ദീദ് വ ഇഹ്‌യായെ ദീൻ*. *സലാജിഖഃ* എന്ന കൃതിയിൽ സൽജൂഖികളുടെ ഉദയം മുതൽ മലിക് ഷാ വരെയുള്ള ചരിത്രം പ്രതിപാദിക്കുന്നു. ചരിത്രകാരൻ എന്നതിലുപരി ഒരു ചരിത്രനിരൂപകൻ എന്ന മൗദൂദിയുടെ മൗലിക വ്യക്തിത്വം ഈ കൃതികളിലെല്ലാം തെളിഞ്ഞുനില്ക്കുന്നുവെന്നതാണ് അവയുടെ പ്രധാന സവിശേഷത. സയ്യിദ് അബുൽഹസൻ നദ്‌വിയുടെ *മാദാ ഖസിറൽ ആലമു ബി ഇൻഹിത്വാതിൽ മുസ്ലിമീൻ*, *അസ്സീറതുന്നബവിയ്യഃ*, *താരീഖെ ദഅ്വത് വ അസീമത്*, *അൽമുസ്ലിമൂന ഫിൽഹിന്ദ്*, *അലി മുർതദാ* തുടങ്ങിയവയും ഇസ്ലാമിക ചരിത്ര പ്രധാനമായ ഗ്രന്ഥങ്ങളാണ്. വൈചാരികമെന്നതിനെക്കാൾ വൈകാരികമാണ് നദ്‌വികൃതികൾ. അദ്ദേഹത്തിന്റെ കൃതികളുടെ മുഖ്യ ആകർഷകത്വവും അതുതന്നെയാണ്. മൗലാനാ മസ്ഊദ് ആലം നദ്‌വിയുടെ അറബിയിലുള്ള *താരീഖുദ്ദഅ്വതിൽ ഇസ്ലാമിയ്യഃ ഫിൽഹിന്ദ്* ഇന്ത്യയിലെ മുസ്ലിം ചരിത്രത്തെ ഇസ്ലാമികമായ വീക്ഷണകോണിൽ സമീപിക്കാൻ ആഗ്രഹിക്കുന്നവർക്ക് നല്ലൊരു മാതൃകയാണ്. ഗ്രന്ഥകാരന്റെ നിശിതമായ നിരീക്ഷണ പാടവവും അതിൽ തെളിഞ്ഞു കാണാം. സയ്യിദ് അഹ്മദ് ശഹീദിന്റെ മുജാഹിദ് പ്രസ്ഥാനത്തെക്കുറിച്ച് അദ്ദേഹമെഴുതിയ *ഹിന്ദുസ്താൻ കീ പഹ്ലീ ഇസ്ലാമി തഹ്‌രീക്* എന്ന കൃതിയും ചെറുതെങ്കിലും വസ്തുനിഷ്ഠമായ നിരൂപണ പാടവംകൊണ്ട് വേറിട്ടുനില്ക്കുന്നു.